LIBRARY ARCHIVES Kerala Legislative Assembly

ഗസറ്റഡ് ഓഫീസർമാർ സ്വന്തമായി ശമ്പളബില്ലുകൾ എഴുതി മാറിയിരുന്ന രീതിയിൽ മാറ്റം വരുത്തി പ്രസ്തുത ചുമതല ഡി.ഡി.ഒ. മാർക്ക് നൽകുക മാത്രമാണ് പുതിയ സംവിധാനത്തിലുള്ളത്. നേരത്തെ നിലവിലുള്ളതുപോലെ തുടർന്നും ഗസറ്റഡ് ഓഫീസർമാർക്ക് ശമ്പളം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയോ ബാങ്ക് അക്കൗണ്ട് വഴിയോ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ യാതൊരുവിധ മാറ്റവും പുതിയ സംവിധാനത്തിൽ വരുത്തിയിട്ടില്ല. ആയതിനാൽ പുതിയ ഉത്തരവ് വഴി ട്രഷറി അടച്ചുപൂട്ടുമെന്നും ബാങ്കുകൾ വൻനേട്ടമുണ്ടാക്കുമെന്നുമുള്ള ആശങ്ക അസ്ഥാനത്താണ്.

സെയിൽസ് ടാക്സ്, എക്സൈസ് ടാക്സ് വരുമാനം

69 (1809) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; ബിവറേജസ് കോർപ്പറേഷനിൽ നിന്ന് പ്രസ്തുത വർഷങ്ങളിൽ സർക്കാരിന് ലഭിച്ച സെയിൽസ് ടാക്സ്, എക്സൈസ് വരുമാനം എത്രയാണ്?

ഉത്തരം

2014-15, 2015-16 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനവും പ്രസ്തുത വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷനിൽനിന്ന് സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനവും ചുവടെ ചേർക്കുന്നു:

വർഷം	സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനം (തുക കോടിയിൽ)
2014-15	27870.90
2015-16 (31-1-2016 വരെ)	24657.27

വർഷം	ബിവറേജസ് കോർപ്പറേഷനിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനം (തുക കോടിയിൽ)

2014-15	6685.84
2015-16 (31-1-2016 വരെ)	6035.23

എക്സൈസ് ഡ്യൂട്ടി, ഇംപോർട്ട് ഫീ, ഗ്യാലനേജ് ഫീ, ലൈസൻസ് ഫീ, കിസ്സ് ഉടങ്ങി എല്ലാ ഇനത്തിലുംകൂടി 2014-15-ൽ 1531.23 കോടി രൂപയും 2015-16 കാലയളവിൽ (ഏപ്രിൽ മുതൽ ഡിസംബർ വരെ) 1288.65 കോടി രൂപയും ബിവറേജസ് കോർപ്പറേഷൻ എക്സൈസ് വകുപ്പിലേയ്ക്ക് അടച്ചിട്ടുണ്ട്.

ഇ-ടെണ്ടറിംഗ് വ്യവസ്ഥയിൽ ഇളവ്

70 (1810) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷത്തിനും പതിനഞ്ചു ലക്ഷത്തിനും ഇടയ്ക്കുള്ള ചില പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കി ധനകാര്യ ഇൻഡസ്ട്രീസ് & പി.ഡബ്ല്യു.ഡി. വകുപ്പ് സ.ഉ.(പി) നമ്പർ 4/2016/ധന. തീയതി 13-1-2016 ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളായിട്ടുള്ള പ്രവൃത്തികൾക്കും നടപ്പ് സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ;

(സി) മേൽ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്കൊഴികെ" എന്ന സൂചനയുടെ സ്പഷ്ടീകരണം ലഭ്യമാക്കുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം 31-3-2016 നകം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യം കണക്കിലെടുത്താണ് 18-1-2016 ലെ സ.ഉ.(പി) നമ്പർ 4/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇ-ടെണ്ടർ ഏർപ്പെടുത്തുന്നതിനുമുൻപ് ഗുണഭോക്തൃ സമിതികൾ (Beneficiary Committee) നിലവിലുണ്ടായിരുന്ന മേഖലകളിൽ ടി സമിതികൾ മുഖേന 31-3-2016- വരെ ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കാണ് ടെണ്ടർ നടപടികൾ ഒഴിവാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly